പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി ഉള്ളൂർ ലെയിൻ,
(Opp, New Building)
തിരുവനന്തപുരം
04712323023
dhsensskerala@gmail.com

56/DGE/HSE/NSS/2025

തീയതി: 01/12/2025

## സർക്കുലർ

വിഷയം: ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം - വാർഷിക സപ്തദിന ക്യാമ്പ് 2025-26 പ്രാരംഭ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

2025-26 അധ്യയന വർഷത്തെ ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം വാർഷിക സപ്തദിന ക്യാമ്പ് *2025 ഡിസംബർ 26 വെള്ളിയാഴ്ച* രാവിലെ മുതൽ ഏഴ് ദിവസങ്ങളിലായി നടക്കും.

ക്യാമ്പ് സംഘാടനവുമായി ബന്ധപ്പെട്ട് പ്രോഗ്രാം ഓഫീസർമാരും പ്രിൻസിപ്പൽമാരും താഴെ പറയുന്ന പ്രാരംഭ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:

1. **സ്കൂൾ തിരഞ്ഞെടുപ്പ്:**
   ക്യാമ്പിങ്ങിനായി തിരഞ്ഞെടുക്കുന്ന വിദ്യാലയം മാതൃ യൂണിറ്റിൽ (Parent Unit) നിന്ന് *3 കിലോമീറ്റർ മുതൽ 8 കിലോമീറ്റർ വരെ* ദൂരപരിധിക്കുള്ളിൽ ആയിരിക്കണം.

2. **ക്യാമ്പ് വെന്യൂ:**
   പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ്/ എയ്ഡഡ്) മാത്രമേ ക്യാമ്പുകൾ സംഘടിപ്പിക്കാൻ അനുമതിയുള്ളൂ.

3. **ഇരട്ട യൂണിറ്റുകൾ:**
   രണ്ട് എൻ.എസ്.എസ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾ വ്യത്യസ്തമായ *രണ്ട് ക്യാമ്പിംഗ് സ്കൂളുകളിലായാണ്* സപ്തദിന ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടത്. ഒരേ വെന്യുവിൽ രണ്ട് യൂണിറ്റുകളുടെ ക്യാമ്പ് അനുവദിക്കുന്നതല്ല.

4. **പ്രീ-ക്യാമ്പ് ഓറിയന്റേഷൻ:**
   ക്യാമ്പ് സംഘാടനവുമായി ബന്ധപ്പെട്ട പ്രീ-ക്യാമ്പ് ഓറിയന്റേഷൻ, ആർ.പി.സി (RPC)-മാരുമായി കൂടിയാലോചിച്ച് ഏറ്റവും ഫലപ്രദവും ഉചിതവുമായ രീതിയിൽ ജില്ലാ കൺവീനർമാർ സംഘടിപ്പിക്കേണ്ടതാണ്.

5. **വോളന്റിയർ പങ്കാളിത്തം:**
   എൻറോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട *ഒന്നാം വർഷ വോളന്റിയർക്കാണ്* ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.
   രണ്ടാം വർഷ വോളന്റിയർമാർക്ക്, ആർ.പി.സി, ജില്ലാ കൺവീനർ എന്നിവരുടെ പരിശോധനയുടെയും ഉത്തമ ബോധ്യത്തിന്റെയും അടിസ്ഥാനത്തിൽ ലഭിക്കുന്ന പ്രത്യേക അനുമതി പ്രകാരം മാത്രമേ ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

6. <u>പ്രൊപ്പോസൽ സമർപ്പണം:</u>
എല്ലാ പ്രോഗ്രാം ഓഫീസർമാരും ക്യാമ്പ് പ്രൊപ്പോസൽ ജില്ലാ കൺവീനർമാർ നൽകുന്ന *ഗൂഗിൾ ഫോം ലിങ്കിലൂടെ* കൃത്യമായി പൂരിപ്പിച്ച് നൽകേണ്ടതാണ്.

<u>*കുറിപ്പ്:*</u>
സപ്തദിന ക്യാമ്പിന്റെ വിശദമായ പദ്ധതികളും മറ്റു പ്രധാന നിർദ്ദേശങ്ങളും അടങ്ങിയ സർക്കുലർ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ (അക്കാദമിക് ) &
സ്റ്റേറ്റ് പ്രോഗ്രാം കോഡിനേറ്റർ